പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5757 — 02.07.2014 ൽ മറുപടിക്ക്.

## അൺ എയ്ഡഡ് സ്കൂൾ സ്റ്റാഫിന്റെ മിനിമം വേതനവും പി. എഫും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| അൺ എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫിന് മിനിമം വേതനവും പി. എഫും ലഭ്യമാക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | അൺ എയ്ഡഡ് മേഖലയിലെ അധ്യാപകർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് – 1947 പ്രകാരം 'വർക്ക്മെൻ' എന്ന നിർവ്വചനത്തിലോ മിനിമം വേജസ് ആക്ട്, 1948 സെക്ഷൻ (2) പ്രകാരം 'എംപ്ലോയി' എന്നതിന്റെ നിർവ്വചനത്തിൻ കീഴിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ, അധ്യാപകരെ സംബന്ധിക്കുന്ന തൊഴിൽ തർക്കങ്ങളിൽ തൊഴിൽ വകുപ്പിന് ഇടപെടാൻ കഴിയുന്നില്ല. ആയതിനാൽ സംസ്ഥാനത്തെ അൺ - എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം നടപ്പാക്കുന്നതിനായി The Kerala Payment of Minimum Wages to Teachers of Unaided Educational Institutions Bill 2014 ന്റെ സാധ്യത സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ അനധ്യാപക ജീവനക്കാരുടെ പരാതികൾ ലഭിക്കുന്ന സ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും, 1948-ലെ മിനിമം വേതന നിയമ പ്രകാരമുള്ള നിയമലംഘനങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. കൂടാതെ പി. എഫ് സംബന്ധമായ പരാതികൾക്ക് പരിഹാരം കാണേണ്ടത് ഇ.പി.എഫ് കമ്മീഷണറാണ്. ഈ വിഷയം സംബന്ധിച്ച് തൊഴിൽ വകുപ്പിൽ ലഭ്യമായ പരാതികളുടെ വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ലഭിച്ച പരാതികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 7 |
| കൊല്ലം | 19 |
| പത്തനംതിട്ട | Nil |
| ആലപ്പുഴ | 1 |
| കോട്ടയം | Nil |
| എറണാകുളം | 2 |
| ഇടുക്കി | Nil |
| വയനാട് | 1 |
| തൃശ്ശൂർ | 3 |
| പാലക്കാട് | Nil |
| മലപ്പുറം | Nil |
| കോഴിക്കോട് | Nil |
| കണ്ണൂർ | 1 |
| കാസർകോഡ് | 1 |

സെക്ഷൻ ആഫീസർ.